ലിറ്റിൽ കൈറ്റ്സ് ക്ലബ്

ഗേൾസ് ഹൈസ്കൂൾ തേവലക്കര

# തൂലികാസ്പന്ദനം



# ആമുഖം

തേവലക്കര ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയാറാക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. പഠനത്തോടൊപ്പം മാനസികോല്ലാസത്തിനും സർഗാത്മക രചനകൾക്കും അവസരം നൽകിയതിന്റെ നേർ സാക്ഷ്യമാണ് ഇവിടെ പിറവിയെടുക്കുന്ന ഡിജിറ്റൽ മാഗസിൻ. മാറുന്ന കാലഘട്ടത്തിനനുസരിച്ച് കൈയെഴുത്തു മാഗസിനുകളിൽ നിന്ന് ഡിജിറ്റൽ മാഗസിനുകളിലേക്കു ചുവടുമാറ്റം നടത്താൻ പ്രയത്നിച്ച അധ്യാപകരെയും എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെയും സർഗാത്മക രചനകളിലേർപ്പെട്ട വിദ്യാർഥിനികളെയും അഭിനന്ദിക്കുന്നു. നൂതനാശയങ്ങളിലൂടെ നമ്മുടെ സ്കൂളിനും മറ്റു വിദ്യാലയങ്ങളോടൊപ്പം മുൻപന്തിയിൽ തന്നെ നിലകൊള്ളാൻ ആവട്ടെ എന്ന് ആശംസിക്കുന്നു .



സ്നേഹപൂർവ്വം,

അനിൽ കുമാർ ആർ .

## തൂലികാസ്പന്ദനം

പ്രിയ വായനക്കാരേ ,

തേവലക്കര ഗേൾസ് ഹൈസ്കൂളിലെ വിദ്യാർത്ഥികളുടെ സർഗാത്മകതയ്ക്ക് ഒരു ഇടം നൽകുന്ന ഡിജിറ്റൽ മാഗസിനാണ് 'തൂലികാസ്പന്ദനം'. കുട്ടികളുടെ ജീവിതത്തിലെ ചെറുതും വലുതുമായ അനുഭവങ്ങൾ അവരുടെ സർഗ്ഗശേഷിയെ പലരീതിയിൽ സ്വാധീനിക്കുന്നു എന്ന ഇതിലെ രചനകളിലൂടെ നമുക്ക് മനസ്സിലാക്കാം.

' അമ്മ' എന്ന വ്യക്തിത്വത്തിനു ഓരോരുത്തരുടെയും ജീവിതത്തിലെപ്രാധാന്യം മനസിലാക്കി തരുന്ന ദിയ മറിയജോണിന്റെ' ഓർമ്മദിനം ' എന്ന ചെറു കഥയും ബെറ്റ്സിയുടെയും നന്ദനയുടെയും സ്വപ്നങ്ങളെക്കുറിച്ചുള്ള കവിതകളും , നാസിമാഷാജിയുടെ രചനയും , ആനുകാലിക പ്രസക്തിയുള്ള പാലസ്റ്റിൻ പ്രശ്നത്തിലെ ബിയയുടെ അവബോധവും സർഗ്ഗാത്മകതയുടെയും സാമൂഹിക ബോധത്തിന്റെയും ഉയർന്ന ശേഷി വെളിവാക്കുന്നതാണ്.

പ്രിയവായനക്കാരുടെ ആസ്വാദനത്തിനും ആരോഗ്യപരമായ വിമർശ്ശനങ്ങൾക്കുമായി തൂലികാസ്പന്ദനം ഞങ്ങൾ സവിനയം സമർപ്പിക്കുന്നു .......

- അയന പി പിള്ള

( എഡിറ്റർ )

മനസ്സിൽ മായാതെ നിൽക്കുന്ന വർണ്ണങ്ങളുടെയും അനുഭവങ്ങളുടെയും ഭാവനയുടെയും ഒരു ലോകമാണ് ഈ ഡിജിറ്റൽ തുലികാ സ്പന്ദനം മാഗസിൻ നിങ്ങൾക്ക് കാഴ്ച വയ്ക്കുന്നത് .

2023-24 അധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റ്സ്അംഗങ്ങൾഒരുക്കിയ ഈ മാഗസിനിൽ അണിയറയിൽപ്രവർത്തിച്ചഎല്ലാകുട്ടികാർക്കും നന്ദി അറിയിക്കട്ടെ. നമ്മുടെസ്കൂളിലെ ബഹുമാനപെട്ടപ്രധാനാധ്യാപകൻ ശ്രീ. അനിൽകുമാർസർ, ഈ മാഗസിൻ പൂർത്തിയാക്കാൻ ഒപ്പമുണ്ടായ അധ്യാപകർ............... എല്ലാവർക്കും നന്ദി അറിയിക്കുന്നു.ഈമാഗസിനിലേക്ക് സർഗ്ഗരചനകൾ നൽകിയ പ്രിയ വിദ്യാർത്ഥികളോടുള്ള കടപ്പാടും ഞങ്ങൾ അറിയിക്കട്ടെ. കൊച്ചുപ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്ന 'തുലികാസ്പന്ദന' ത്തിലേക്ക് എല്ലാവർക്കും സ്വാഗതം .......................

-ശ്രേയ വിനോദ്

(എഡിറ്റർ )

## ഉള്ളടക്കം


* എന്റെ ചലനമറ്റ ചിറകൊടിഞ്ഞ സ്വപ്നങ്ങൾ : 6–8

* മങ്ങുന്ന സ്വപ്നങ്ങൾ : 9–11

* പൂവണിയാത്ത സ്വപ്നം : 12–14

* അമ്മ ഭൂമി : 15–17

* ഓർമ്മ ദിനം : 18–21

* എന്റെ കേരളം : 22–24

* ഒരു നാൾ ഭൂമി മാത്രം : 25–29

*പഴഞ്ചൊല്ലുകൾ 30–32


******************************

# എന്റെ ചലനമറ്റ ചിറകൊടിഞ്ഞ സ്വപ്നങ്ങൾ

വിദ്യാലയങ്ങളിൽ പോയി തൊട്ടെഴുതിയ
കാലത്തിന് മൂകമെന്നുള്ളിൽ
കൊതിച്ചുണർന്ന നിറമുള്ള
എൻ സ്വപ്നത്തെ നീ
ചിറകൊടിച്ചു കളഞ്ഞില്ലേ
- ചിറകൊടിച്ചുകളഞ്ഞില്ലേ
ഞാനന്ന് ആദ്യമായി
കൊതിച്ചൊരാഗ്രഹം എൻ
മുന്നിൽ വന്നു നീ എന്നരികില-
ണഞ്ഞപ്പോൾ എൻ സ്വപ്നം
മാഞ്ഞതാൽ
എൻ സ്വപ്നം മാഞ്ഞതാൽ.
ഇരുചക്ര വാഹനത്തിൽ എന്നെ
കയറ്റിയ മോഹം
വാശി പിടിച്ചു ഞാൻ
കരഞ്ഞപ്പോൾ എൻ അച്ഛൻ
വന്നു എന്നെ ശിക്ഷിച്ചു
വേദനയിൽ ഞാനറിയാതെ മയങ്ങിപ്പോയി
ഒന്നാദ്യമായി കയറുവാൻ
തോന്നിയപ്പോൾ അതിനു വാശി
പിടിച്ചുഞാൻ കരഞ്ഞപ്പോൾ

*എൻ അച്ഛൻ വിലക്കിയ വാക്കിനെ*
*ഞാൻ ഓർക്കുന്നു*
*ഞാൻ ഇന്നും ഓർക്കുന്നു*
*എന്താണെന്നറിയാതെ പിന്നെയും*
*തേങ്ങലിലെൻ*
*നെഞ്ചിൽ കുടുങ്ങിയ നേരത്തിൽ*
*മാതാവിനാധിയായതു ഞാൻ ഓർക്കുനിതാ*
*സൈക്കിളിൽ കയറിയാൽ*
*ഓരം ചരിഞ്ഞു വീണ്ടും എൻ*
*അച്ഛൻ പറയുമ്പോഴും ഞാൻ എൻ*
*ആഗ്രഹത്തിനായി പോയി*
*കൈ മുറിയും കാൽ മുറിയും*
*ദേഹമാകെ നീറ്റലാകും*
*ദേഹത്തിലെ വേദന കണ്ടു എൻ അച്ഛന്*
*സഹിക്കാൻ കഴിയില്ല*
*കണ്ടു സഹിക്കാൻ കഴിയില്ല*
*അങ്ങനെ ഞാൻ എൻ ആഗ്രഹത്തെ*
*അച്ഛന് വേണ്ടി ഒഴിഞ്ഞു വച്ചു*
*എൻ അച്ഛന് വേണ്ടി ഒഴിഞ്ഞു വച്ചു*

*..............*
*-ബെറ്റ്സി ബിനു*

## മങ്ങുന്ന സ്വപ്നങ്ങൾ

നിശാഗന്ധി പൂക്കുന്ന
നിലാവത്ത് പതിയെ നീ
അറിയാതെ വന്നെന്റെ
ചാരത്തിരിക്കുമോ
കരയുന്ന കണ്ണീരിന്
കണികകൾ മായ്ച്ചെന്നെ
അറിവിന്റെ ലോകത്തെ
തിരിയായി മാറ്റുമോ
ഒത്തിരി സ്വപ്നങ്ങൾ
ഇടനെഞ്ചിൽ ഈണങ്ങൾ
പഠിക്കുവാൻ കൊതിച്ചൊരു
ബാല്യത്തിന് ഈണങ്ങൾ
കണ്ടു ഞാൻ അന്നൊരു കയറിന്റെ തുമ്പിൽ
പിടയുന്ന ജീവിതം

ബ്ലേഡ് പലിശയും
കടക്കെണിയും കുടുക്കിയ ജീവിതം ,
അച്ഛന്റെ ജീവിതംഅമ്മതൻ നിശ്വാസം
ഈണങ്ങളായെന്റെ
കാതിൽ പതിച്ചപ്പോൾ ഓർത്തു ഞാൻ
സ്വപ്നങ്ങൾ മങ്ങിയ സ്വപ്നങ്ങൾ

********

- ദിയ മരിയ ജോൺ

# പൂവണിയാത്ത സ്വപ്നം

രാവിലെ നിദ്ര ഉണർന്നു ഞാൻ
എൻ വീടിന്റെ മുറ്റത്തേക്ക്
ഓടി നീങ്ങി
മുറ്റത്തെ തായ് മാവിൻ കൊമ്പത്ത്
നല്ല ഒരു മാടപ്രാവ് തൻ കൂട്ടു കണ്ടു
അന്നേരം എന്റെ മനസ്സിലേക്ക്
പൊട്ടിമുളച്ചോരു കൊച്ചു സ്വപ്നം
അച്ഛനരികിലേക്ക് ഓടി
മറഞ്ഞു ഞാൻ
അച്ഛനോടെന്റെയാ സ്വപ്നം പറഞ്ഞു
നാളെ പുലർച്ചെ ഞാൻ
കൺതുറന്നീടുമ്പോൾ
മാടപ്രാവ് എന്റെ അരികിലുണ്ടാവും
എന്നൊരാ വാചകം കേട്ട ഉടൻ
സന്തോഷത്താൽ ഞാൻ പൊട്ടിച്ചിരിച്ചു
നിദ്രയ്ക്കായി ഞാൻ മിഴികൾ അടച്ചപ്പോൾ
തൻ മുമ്പിൽ പ്രാവിന് രൂപം മാത്രം
സൂര്യ കിരണങ്ങൾ പിറക്കുന്നതിനു മുൻപേ ഞാൻനിദ്ര ഉണർന്നു കാത്തിരുന്നു
പുലർകാല സൂര്യൻ മാഞ്ഞു പോയി
വീണ്ടും ഇരുട്ടിന്റെ വിളയാട്ടമായി
വൈകിയാലും ഒരു വേദനയോടെ എൻ മനസ്സിൽ
ആ ചിന്ത വന്നു
അച്ഛൻ വരില്ല പ്രാവുമായി എന്റെ ആ
സ്വപ്നം നടക്കുകില്ല
ഇനിയുള്ള കാലം എന്റെ ആ സ്വപ്നം
നിറം മങ്ങിയ ഒരു സ്വപ്നമായിരിക്കും
പിറ്റേന്ന് രാവിലെ പതിവ് പോലെ
മാവിനടുത്തേയ്ക്കു വീണ്ടുമോടി
മാവിനുള്ളിലാ കൂട്ടു കണ്ടിട്ട്
എൻ മിഴികൾ
കരഞ്ഞു പോയി
***********
- നന്ദന ശ്യാം . എസ്സ്

# അമ്മ ഭൂമി

-ബിയ എം.ഒ

അനാഥ ആക്കരുതെ!
നിങ്ങൾ അനാഥ
ജീവന്റെ ജീവനാണ് എന്റെ അമ്മ ഭൂമി.
ഹരിതാഭവമാക്കണം,
ഹരിതാഭവമാക്കണം
തെങ്ങ് , കവുങ്ങ് , പ്ലാവ്
ഒന്നല്ല പലതുണ്ട് എൻ മക്കൾ.
പുഴകൾ നദികൾ കുഴിച്ചുമൂടല്ലേ!
മലകൾ കുന്നുകൾ ഓർമ്മയാക്കല്ലേ!
ഒരു വീട്ടിൽ ഒരു മരം നട്ടുനനയ്ക്കണം,
ഒരു വീട്ടിൽ ഒരു മരം നട്ടുനനയ്ക്കണം
എൻ ശിരസ്സുകളിൽ സ്നേഹവും,
ഒഴുകുന്ന പ്രാണനും ആണ്
എന്റെ ശരീരത്ത്ആയിരമായിരം
മരങ്ങളായി ഇരുന്നപ്പോൾ
പ്രാണനും സ്നേഹവും ഇല്ലാത്ത കുറെ മനുഷ്യർ!
എൻ പ്രാണനെ നശിപ്പിച്ചു തുടങ്ങി.
അനാഥ ആക്കരുതെ!മക്കളെ എന്നെ അനാഥ
ആക്കരുതെ!
പ്ലാസ്റ്റിക് വിമുക്ത ഭൂമി
എന്ന് ഉറക്കെ വിളിക്കു!
പ്രകൃതിയെ സംരക്ഷിച്ചില്ലെങ്കിൽ
ദുരന്തത്തിൽ ആകും.
ആരുമില്ലാത്തവർ ആയിട്ടും
എൻ മക്കളായി അനേകർ വന്നു പോയി.
ഞാനില്ലെങ്കിൽ ജീവന്റെ
നിലനിൽപ്പില്ലാതാവുമേ
മക്കളെ ഞാൻ കേണപേക്ഷിക്കുന്നു
അനാഥയാക്കരുതേ സനാഥയാക്കൂ.

# ഓർമ്മ ദിനം



അവൻ ജനാല തുറന്നിട്ട് ഒരു കുളിർ കാറ്റ് അവന്റെ മുടിയെ പുറകോട്ടു പായിച്ച
ഒരിളം കാറ്റ് തഴുകി തലോടി മറ്റൊരു പ്രഭാതത്തിന്റെ ഓർമയിലേക്ക് .ആ
കുളി ർമയെ തള്ളിയിട്ടു കൊണ്ടു അവൻ കാപ്പി കുടിച്ചിരുന്ന ഗ്ലാസ് ജനാലപ്പടിയിൽ വച്ചു ടീസ കറച്ചുകൊണ്ട് അടുത്തേക്ക് വന്നു. ഈ
ഏകാന്ത വാസത്തിൽ അവളെക്കൂടെ കൂട്ടണം എന്ന് നിത്യ പറഞ്ഞപ്പോൾ വിരസത തോന്നിയെങ്കിലുംഇപ്പോഴൊക്കെയുള്ള തണൽ അവൾ
മാത്രമാണ് മിണ്ടാപ്രാണിയാണെങ്കിലുംഇങ്ങനെ ഒറ്റക്കിരിക്കുമ്പോൾ സംസാരിക്കാൻ ഇവൾ മാത്രമേ ഉള്ളൂ അവളെഎടുത്തു വച്ചിട്ട് ഫോൺ
കയ്യിലെടുത്തു നീ ഇന്ന് വൈകിട്ട് തിരിക്കില്ലേ എന്നനിത്യയുടെ മെസ്സേജിന് മ് ..മ്... എന്ന് മറുപടി കൊടുത്തു .

വരുന്ന ചൊവ്വ അമ്മയുടെ ഓർമ ദിവസമാണ്ഓർമകൾ പിന്നോട്ട് പാഞ്ഞു ഒരു തീവണ്ടി പോലെ അവന്റെ
മനസ്സിൽ ഓരോ കാലഘട്ടവും അവന്റെ മനസ്സിലൂടെ
ഓടി മറഞ്ഞു എന്നും 'അമ്മ ഒപ്പമുണ്ടായിരുന്നു എന്തോ ആലോചിക്കും തോറും
മനസ്സിന് ഒരു വല്ലായ്മ. എന്തിനായിരുന്നു വീട് വിട്ടിറങ്ങിപ്പോയത് .അമ്മയുമായി
വഴക്കിട്ടുന്നത് സാധാരണമല്ലായിരുന്നോ പിന്നെ അന്ന് എന്തിനാ അങ്ങനെ
പെരുമാറിയത് .പല ചിന്തകൾ അവന്റെ മനസ്സിനെ മൂടി.
വീട് വിട്ടിറങ്ങുന്ന സമയം അവസാനം അമ്മയുടെ മുഖം കണ്ട ഓർമ്മ അവന്
ഇപ്പോഴുമുണ്ട് .പിന്നെ നിത്യയുടെ ഇടക്കിടെയുള്ള കോളുകൾ മാത്രമായി
വീടുമായുള്ള ബന്ധം അതിനിടയിൽ ഇവിടെ ഒരു ചെറിയ ജോലിയും തരപ്പെട്ടു
വീട്ടിലേക്ക് പോകണം എന്നുണ്ടായിരുന്നെങ്കിലും ജോലിത്തിരക്കുകൾ അതിനു
സമ്മതിച്ചില്ല. വീട്ടിൽ നിന്ന് വന്ന അമ്മയുടെ മിസ് കാൾ നോട്ടിഫിക്കേഷൻ
ബാറിൽ തന്നെ കിടന്നു .നിത്യയുമായുള്ള സംസാരവും അപൂർവമായി നാടുമായുള്ള
ചെറിയ ബന്ധം പോലും മനസ്സിലില്ലാതെയായി.
ഐ. സി. യു.വിൽ കിടന്ന അമ്മക്ക് മകനെ അവസാനമായി മകനെ കാണണം
എന്നുള്ള അവസാന ആഗ്രഹവും പേറി വന്ന മിസ്സ്ഡ് കാൾ എടുത്തു നോക്കാത്ത
അനേകം മിസ്സ്ഡ് കാളുകളുടെ ഇടയിൽ കിടന്നു.അവസാനം എല്ലാം മറന്ന്അമ്മയുടെ അടുത്തേയ്ക്ക് വീട്ടിലേക്ക് പോയപ്പോൾ കാണാൻ
സാധിച്ചത് ആറടി
മണ്ണിൽ ഉറങ്ങികിടന്ന അമ്മയെ.
അമ്മയുടെ ഓർമ്മ ദിനത്തിൽ ഇന്ന് സെമിത്തേരിയുടെമുന്നിൽ നിൽക്കുമ്പോൾ
ജ്വലിക്കുന്ന സൂര്യൻ അവന്റെ മേൽ ആഞ്ഞടിച്ചു കുറ്റ ബോധത്തിൽ തല
നിവർത്താനാവാതെ അവൻ കുനിഞ്ഞു നിന്നു. ആ വെയിലിൽ കത്തിജ്വലിച്ചു
നിന്ന അമ്മയുടെ കല്ലറയെ കുളിർക്കാൻ അവന്റെ ഒരു തുള്ളി കണ്ണീർ
മതിയായിരുന്നു .........

-ദിയ മരിയ ജോൺ

# എന്റെ കേരളം

## നാസിമ ഷാജി

ഞാൻ ഇന്ന് എഴുതാൻ പോകുന്നത് എന്റെ കേരളത്തെ കുറിച്ചാണ് . എന്റെ കേരളം പ്രകൃതിമനോഹരമാണ് .എവിടെ നോക്കിയാലും പച്ചപിടിച്ച പാടങ്ങൾ, കൊയ്യാറായി നിൽക്കുന്ന നെല്ല്
മണികൾ ,അത് ഭക്ഷിക്കാൻ വരുന്ന കിളികൾ, തത്തകൾ .അവയെ കാണുമ്പോൾ നമ്മുടെ മനസ്സിൽ സന്തോഷമാണ് ആ കാലത്ത് ഏതാനും ചില അസുഖങ്ങൾക്ക് മാത്രമായാണ് ഹോസ്പ്പിറ്റലുകളിൽ പോകുന്നത്
അതിന് കാരണം ചിട്ടയായ ആഹാരശീലങ്ങളും ആണ് .അന്നത്തെ കാലത്ത് ഒരു ജാതി ഒരു മതം എന്നരീതിയും , സഹോദര്യത്തിന്റെ നല്ല നാളുകളായിരുന്നു . ഇതെല്ലാം എന്റെ മുതിർന്നവർ പറഞ്ഞുതന്ന അറിവുകളാണ് .ഇപ്പോഴത്തെ കാലത്ത് ഇങ്ങനെയുള്ള കാര്യങ്ങൾ
കാണാൻ കഴിയില്ല. ഇപ്പോൾ പച്ചപിടിച്ച പാടങ്ങൾക്ക് പകരം വലിയ വലിയ ഫാക്ടറികൾ, ഫ്ലാറ്റുകൾ ഇവയെല്ലാമാണ് കാണാൻ കഴിയുന്നത് .ഇപ്പോൾ മാസത്തിൽ മുപ്പത് ദിവസമുണ്ടെങ്കിൽ ഇരുപത്തിയൊൻപത്

ദിവസവും ഹോസ്പ്പിറ്റലിൽ ജീവിതം .ഇപ്പോഴത്തെ ആഹാര രീതിയും ചിട്ടയായ വ്യായാമവും ഇല്ലാത്തതുകൊണ്ടാണ് . ഇപ്പോൾ കേരളമെന്ന് ഓർ ത്താൽ പ്രകൃതിദുരന്തങ്ങൾ, പ്രളയം, നിപ്പ, കൊറോണ ഇതൊക്കെയാണ് മനസ്സിൽ ഓർമ്മ വരുന്നത് .ഓർക്കുമ്പോൾ തന്നെ ഭയം തോന്നും ഞങ്ങൾ ക്കുണ്ടായ ഈ ഭയവും ആശങ്കയും ഞങ്ങളുടെ തലമുറയ്ക്ക് പകർന്നു നൽകാൻ കഴിയില്ല. ആ മനോഹരമായ കേരളത്തെ തിരിക കൊണ്ടുവരാൻ ഞാനും എന്റെ സഹപാടികളും കഠിനമായി പ്രയത്നിക്കും . ഇതോടെ എന്റെ ചെറിയ വാക്കുകൾ ഞാൻ ചുരുക്കുന്നു...............

# <u>ഒരു നാൾ ഭൂമി മാത്രം</u>

-ബിയ എം.ഒ

പാലസ്തീൻ എന്ന മാനോഹരമായ സ്ഥലത്ത്ഫറയെന്ന ഒരു കൊച്ചു പെൺകുട്ടി താമസിച്ചിരുന്നു.അവളുടെ
അനുജന്റെ പേര്ഫിലൻ എന്നാണ്.അവളുടെ അച്ഛനമ്മമാരെകുറെ ആളുകൾ വന്നുവെടിവച്ച് കൊന്നു.
അങ്ങനെഅവരുടെ സമ്പത്തുംഇല്ലാതായി. അവർമുത്തച്ഛന്റെയുംമുത്തശ്ശിയുടെയുംകൂടെയാണ് താമസിക്കുന്നത്
.അവരുടെ അച്ഛന്റെ
സുഹൃത്തിന്റെനിയന്ത്രണത്തിലുള്ള ഒരുസ്കൂളിലാണ് അവർപഠിക്കുന്നത് . നല്ലവണ്ണം പഠിക്കുന്നഅവർ
പ്രകൃതിയെയും മനുഷ്യരെയുംസ്നേഹിച്ചിരുന്നു.
ഒരു ദിവസം ക്ലാസ്സിൽ വച്ച്അദ്ധ്യാപകൻപ്രകൃതിയെയും ലോകത്തെയും കുറിച്ച്
പഠിപ്പിക്കാൻതുടങ്ങി. സുനാമിയും, ഉരുൾപൊട്ടൽ,ഭൂകമ്പം, പ്രകൃതി
ദുരന്തങ്ങൾ തുടങ്ങിയവയും അത്ഉണ്ടാകുന്നകാരണങ്ങൾ പ്രതിവിധികൾ
എന്നിവ അവർ ചർച്ചചെയ്തു. മനുഷ്യർ എത്രക്രൂരമായിട്ടാണ് മരങ്ങൾ വെട്ടി
നശിപ്പിക്കുന്നത്. തൻമൂലം അൾട്രാവയലറ്റ് രശ്മിസൂര്യനിൽ നിന്ന്
നേരിട്ട് വന്ന് മനുഷ്യർ മരിച്ചുപോകുന്നു. ശുദ്ധമായ കുടി വെള്ളംഇല്ലാതാകുന്നു.
എന്നാൽ മഴ പെയ്യുമ്പോൾവെള്ളപ്പൊക്കമുണ്ടാകുന്നു.എന്നിങ്ങനെ കുറെ ചോദ്യങ്ങൾ ഫറ
സാറിനോട്ചോദിച്ചു സാർ അല്പം നേരംപുഞ്ചിരിച്ചു നിന്നു എന്നിട്ട്
മനുഷ്യൻ മനുഷ്യനെ ഇല്ലാതാക്കുന്നപാലസ്തീൻഇസ്രയേൽ കഥ വിവരിച്ചു. അത്
കേട്ടപാടെ ഫറയുടെകുഞ്ഞ് കണ്ണ് നനഞ്ഞു. അവൾഅവളുടെ അച്ഛനമ്മമാരുടെ
ജീവിത കഥ വിവരിച്ചുഎന്തിനാണ് അല്പം ആയുസുള്ള
മനുഷ്യൻ മനുഷ്യനെ ഇല്ലാതാക്കുന്നത്. ഈ ജീവിതംസന്തോഷത്തോടെജീവിച്ചു കഴിഞ്ഞ് കൂടേ
മനുഷ്യന്റെനല്ല മനസ്സിനായി നമുക്ക് പ്രവർത്തിക്കാം.അവൾ
പ്രതിജ്ഞചെയ്തു. ഇത്തരം കുഞ്ഞുഫറയെപോലുള്ള
പെൺകുട്ടികൾ നാളെയുടെ ഭാവികഥയിൽ
വരുമായിരിക്കും....അറിയില്ല................

# പഴഞ്ചൊല്ലുകൾ

എല്ലാ ഭാഷകളിലും പഴഞ്ചൊല്ലുകൾ ഉണ്ടെങ്കിലും പഴഞ്ചൊല്ലുകൾക്കാവശ്യമായ “ചുരുക്കം, ചാതുര്യം, ചാർത്ഥം” നോക്കിയാൽ മലയാളം പഴംചൊല്ലുകളുടെ സ്ഥാനം മറ്റുള്ള ഭാഷകളിലെ പഴംചൊല്ലുകളെക്കാൾ മുകളിലാണ്. പ്രസിദ്ധമായ ഏതാനും കുറച്ച് പഴഞ്ചൊല്ലുകൾ താഴെ കൊടുക്കുന്നു.

1. അക്കരെ നിന്നാൽ ഇക്കരെ പച്ച.

2. ആട് കിടന്നിടത്തു പൂട പോലും ഇല്ല.

3. ആന കൊടുത്താലും ആശ കൊടുക്കാമോ?.

4. ആന മെലിഞ്ഞാൽ, തൊഴുത്തിൽ കെട്ടാൻ പറ്റുമോ.

5. ആന വായിൽ അമ്പഴങ്ങ.

6. ആനക്കണ്ടോ ആനയുടെ വലിപ്പമറിയൂ.

7. ആറ്റിൽ കളഞ്ഞാലും... അളന്നു കളയണം.

8. ആവശ്യക്കാരന്, ഔചിത്യം പാടില്ല.

9. അടി കൊള്ളാൻ ചെണ്ടയും, പണം വാങ്ങാൻ മാരാരും.

10. അടി തെറ്റിയാൽ... ആനയും വീഴും.

11. അല്പന് അർത്ഥം(ഐശ്വര്യം) കിട്ടിയാൽ, അർദ്ധ രാത്രിയിൽ കുട പിടിക്കും.

12. അമ്മക്ക് പ്രാണ വേദന, മകൾക്ക് വീണ വായന.

13. അണ്ടിയോടടുത്താലേ മാങ്ങയുടെ പുളിയറിയൂ.

14. അങ്ങാടിയിൽ തോറ്റതിന്, അമ്മയുടെ പുറത്തു.

15. അംഗവും കാണാം, താലിയും ഓടിക്കാം.

16. അണ്ണാൻ കുഞ്ഞിനെ മരം കേറ്റം പഠിപ്പിക്കണോ.

17. അണ്ണാറ കണ്ണനും, തന്നാൽ ആയതു.

18. അനുഭവം മഹാ ഗുരു.

19. അരിയെത്ര? പയർ അഞ്ഞാഴി.

20. അരിയും തിന്നു ആശാരിച്ചിയെയും കടിച്ചു... എന്നിട്ടും നായക്ക് മുറുമുറുപ്പ്.

21. അട്ടയെ പിടിച്ചു മെത്തയിൽ കിടത്തിയാൽ കിടക്കുമോ?

22. ചക്കര കുടത്തിലെ ഉറുമ്പ് അരിക്കും.

23. ചക്കിനു വച്ചതു കൊക്കിനു കൊണ്ടു.

24. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.

25. ചൊട്ടയിലെ ശീലം ചുടല വരെ.

26. ചുമരില്ലാതെ ചിത്രം വരയ്ക്കാൻ പറ്റില്ല.

27. ദീപസ്തംഭം മഹാശ്ചര്യം, എനിക്കും കിട്ടണം പണം.

28. ദാനം കിട്ടിയ പശുവിന്റെ പല്ലു നോക്കിയിട്ടു കാര്യമില്ല.

അക്ഷരങ്ങളുടെ പച്ചപ്പും .........സർഗാത്മകതയുടെ സൗന്ദര്യവും.........

ഹ്യദ്യമാക്കുന്ന ഒരിടം.          എഴുത്തിന്റെ  വേറിട്ട ഇടത്തിൽ നമുക്കിനി

ഒരുമിച്ച നടക്കാം ................

ഡിജിറ്റൽ മാഗസിനുവേണ്ടി

പ്രവർത്തിച്ചവർക്കും സഹായിച്ചവർക്കും പിന്തുണച്ചവർക്കും

# നന്ദി